ഉത്തരം

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പി.ഡബ്ലിയു.ഡി. റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ദേവസ്വം ബോർഡ് സാമ്പത്തിക സഹായം നൽകിയിട്ടില്ല.

(ബി, സി ആന്റ് ഡി) ചാലക്കയം മുതൽ പമ്പ വരെയുള്ള 4 കിലോമീറ്റർ റോഡ് ദേവസ്വം ബോർഡിന്റെ അധീനതയിലാണ്. ഈ റോഡിന്റെ അറ്റകുറ്റപ്പണികൾ ബോർഡിന്റെ പൂർണ്ണമായ ചെലവിൽ നടത്തിവരുന്നു. പ്രസ്തുത റോഡിൽ ബോർഡ് ടോൾപിരിവും നടത്തി വരുന്നുണ്ട്.

ശബരിമലയിലെ അരവണ പായസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി

94 [412] ശ്രീ. പി. ശങ്കരൻ:

,, കെ. അച്ചുതൻ:

,, എം. മുരളി:

,, വർക്കല കഹാർ:

ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05 ശബരിമലയിൽ സീസൺ കാലത്ത് അരവണ പായസം നൽകുന്നതിൽ സംഭവിച്ചിട്ടുള്ള വീഴ്ചകളെന്തെല്ലാം;

(ബി) അരവണ പായസത്തിന്റെ ഗുണനിലവാരം ഉയർന്ന തോതിലാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു;

(സി) അരവണ പായസവിതരണ കാര്യത്തിൽ നിലവിലുള്ള കരാർ എന്ന് ഉണ്ടാക്കിയതാണ്;

(ഡി) എത്ര കാലത്തേക്കാണ് കരാർ നൽകിയിട്ടുള്ളത്;

(ഇ) പ്രസ്തുത കരാർ നൽകുമ്പോൾ ഭാവിയിലുണ്ടാകാവുന്ന വർദ്ധിച്ച ആവശ്യം കണക്കിലെടുത്തിരുന്നോ?

ഉത്തരം

(എ) അരവണ പായസം നിർമ്മിക്കുവാൻ കരാർ ഏറ്റെടുത്ത മെസേഴ്സ് പമ്പാ പായ്ക്ക് എന്ന സ്ഥാപനം ആവശ്യത്തിന് കണ്ടയിനറുകൾ ലഭ്യമാക്കാതിരുന്നതുകാരണം വിതരണത്തിനു തടസ്സം ഉണ്ടായി. ദേവസ്വം സ്റ്റോറിലുണ്ടായിരുന്ന പ്ലാസ്റ്റിക് കണ്ടയിനറുകൾ ഉപയോഗിച്ച് വിതരണം പുനഃസ്ഥാപിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അരവണ നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്നതിനും, ചേരുവകൾ കൃത്യമായി ചേർക്കുന്നതുറപ്പുവരുത്തുന്നതിനും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യലാഫീസറായി നിയോഗിച്ചിരുന്നു. ശർക്കര, ഉണക്കലരി തുടങ്ങിയ സാധനങ്ങൾ ശബരിമലയിലെ സ്റ്റോറിൽ എത്തിക്കുന്ന അവസരത്തിൽ ആരോഗ്യ വകുപ്പിന്റെ ഗുണനിലവാര സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിരുന്നു. കൂടാതെ അരവണ നിർമ്മാണത്തിനുള്ള സാധനങ്ങൾ സർക്കാർ ഏജൻസികൾ മുഖേനയാണ് വാങ്ങിക്കുന്നത്.

(സി, ഡി ആന്റ് ഇ) 1999 ഏപ്രിൽ 13-നാണ് കരാർ ഉണ്ടാക്കിയത്. 8 വർഷത്തേക്കാണ് കരാർ കാലാവധി. അരവണ നിർമ്മാണം യന്ത്രവൽക്കരിച്ചതും വിതരണത്തിന് ദിവസവേതനക്കാരെ മാറ്റി കരാർ ഏർപ്പെടുത്തിയതും, സമീപ ഭാവിയിലുണ്ടാകുന്ന വർദ്ധിച്ച ആവശ്യം കൂടി കണക്കിലെടുത്തിട്ടായിരുന്നു.

ശബരിമലയിലെ അപ്പം, അരവണ വിൽപന

95 [413] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യത്തിന് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇക്കഴിഞ്ഞ ശബരിമല സീസണിൽ സന്നിധാനത്ത് അപ്പം, അരവണ തുടങ്ങിയവയുടെ വിൽപന കഴിഞ്ഞ വർഷത്തേതിനേക്കാൾ കുറവായിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ കാരണം വെളിപ്പെടുത്താമോ?

ഉത്തരം

അപ്പം വിൽപ്പന മുൻവർഷത്തേക്കാൾ കുറവായിരുന്നു. അരവണ വിൽപ്പനയിൽ വർദ്ധനവുണ്ടായി. അപ്പം പ്രസാദത്തിനെക്കാൾ അരവണ വാങ്ങാനാണ് ഭക്തർ താൽപ്പര്യപ്പെടുന്നത്.

ശബരിമല സന്ദർശിച്ച ഭക്തജനങ്ങൾ

96 [414] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ മണ്ഡലകാലത്ത് ശബരിമല സന്ദർശിച്ച ഭക്തജനങ്ങളുടെ എണ്ണം ഏകദേശം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പുവർഷത്തെ നടവരവും മറ്റു ചെലവുകളും എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) കഴിഞ്ഞ വർഷത്തേതുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് കൂടുതലാണോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly